2026
JUNE
24
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# പുരപ്പുറ സോളാർ പദ്ധതിക്ക് 125% കുതിപ്പ്

**ന്യൂഡൽഹി:** ഇക്കൊല്ലം ജനുവരി മുതൽ മാർച്ച് വരെയുള്ള ആദ്യ പാദത്തിൽ രാജ്യത്തു പുരപ്പുറ സോളർ സ്ഥാപിച്ചവരുടെ എണ്ണത്തിൽ 125 ശതമാനം വർധന. ഇത് റെക്കോർഡാണ്. വീടുകളിൽ സോളർ സ്ഥാപിക്കുന്നത് വർധിച്ചതാണ് പ്രധാന കാരണം. ഇതിനു തൊട്ടുമുൻപുള്ള പാദത്തിൽ 2.2 ജിഗാവാട്ട് ശേഷിയാണ് പുരപ്പുറ സോളറിൽ കൂട്ടിച്ചേർക്കപ്പെട്ടത്. 2025 ജനുവരി  മാർച്ച് മാസം കൂട്ടിച്ചേർക്കപ്പെട്ടത് 1.2 ഗിഗാ വാട്ട് മാത്രം. എന്നാൽ ഇക്കുറിയിത് എല്ലാ റെക്കോർഡുകളും മറികടന്ന് 2.7 ഗിഗാ വാട്ടിലെത്തിയെന്ന് മെർകോം ഇന്ത്യ റിസർച്ച് റിപ്പോർട്ടിൽ പറയുന്നു.



ഒന്നാം പാദത്തിൽ സ്ഥാപിക്കപ്പെട്ട സോളർ പ്ലാന്റുകളിൽ 82 ശതമാനവും വീടുകൾക്ക് വേണ്ടിയുള്ളതായിരുന്നു. കേന്ദ്രസംസ്ഥാന പദ്ധതികൾ വഴി സബ്സിഡി ലഭിക്കുന്നതും നടപടികൾ ലളിതമായതുമാണ് എണ്ണം കൂടാനുള്ള കാരണം. വ്യവസായിക, വാണിജ്യ മേഖലകളിൽ നിന്നുള്ളതാണ് ബാക്കി.

ഏറ്റവും കൂടുതൽ സോളർ പാനലുകൾ സ്ഥാപിച്ചത് മഹാരാഷ്ട്രയിലാണ്. ആകെ കൂട്ടിച്ചേർക്കപ്പെട്ട പുരപ്പുറ സോളർ പാനലുകളിൽ 17 ശതമാനവും മഹാരാഷ്ട്രയിലാണ്. 16 ശതമാനവുമായി ഉത്തർപ്രദേശും 15 ശതമാനവുമായി ഗുജറാത്തും തൊട്ടുപിന്നിലുണ്ട്. സോളർ സ്ഥാപിക്കുന്നതിൽ മുൻ വർഷത്തേക്കാൾ ഏറ്റവും കൂടുതൽ വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനം അസം ആണ്. 2025ലെ ആദ്യ പാദത്തേക്കാൾ ഇക്കുറി 40 ശതമാനമാണ് വളർച്ച. രണ്ടാം സ്ഥാനത്ത് ഉത്തർപ്രദേശ്.

പിഎം സൂര്യഘർ പദ്ധതി ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയത് ഉത്തർപ്രദേശുകാരാണെന്നും റിപ്പോർട്ട് തുടരുന്നു. 10 ലക്ഷം അപേക്ഷകളാണ് ഉത്തർപ്രദേശിൽ നിന്നു മാത്രം ലഭിച്ചത്. രാജ്യത്ത് ആകെ ലഭിച്ച അപേക്ഷകളുടെ 14 ശതമാനമാണിത്. ഗുജറാത്തിനും  മഹാരാഷ്ട്രയ്ക്കും ശേഷം ആറു ലക്ഷത്തിനു മുകളിൽ പുരപ്പുറ സോളർ യൂണിറ്റുകൾ സ്ഥാപിച്ച സംസ്ഥാനമെന്ന റെക്കോർഡിലെത്താനും ഉത്തർ പ്രദേശിനു കഴിഞ്ഞു.

ഇക്കൊല്ലം മാർച്ചോടെ രാജ്യത്തെ പുരപ്പുറ സോളർ പ്ലാന്റുകളുടെ ആകെ ശേഷി 23.5 ഗിഗാ വാട്ടിലെത്തി. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഇത് 27.88 ഗിഗാവാട്ടാണ്. രാജ്യത്തെ ആകെ സോളർ സ്ഥാപിത ശേഷി 157.05 ജിഗാ വാട്ട് ആണെന്നും സർക്കാർ കണക്ക്. ലോകത്തിൽ തന്നെ മൂന്നാമതാണിത്.

കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രാലയത്തിന്റെ ഇതുവരെയുള്ള കണക്കുപ്രകാരം കേരളത്തിൽ നിന്ന് പിഎം സൂര്യ ഘർ പദ്ധതിയിലേക്ക് 3.85 ലക്ഷം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2.77 ലക്ഷം വീടുകൾ പുരപ്പുറ സോളർ വൈദ്യുതിയിൽ പ്രകാശിക്കുന്നു. 1053 മെഗാവാട്ട് ആണ് ഇതിന്റെ സംയോജിതശേഷി. ഇതിനകം സബ്സിഡിയായി സംസ്ഥാനത്ത് 1846 കോടി രൂപയും വിതരണം ചെയ്തു. ഇൻസ്റ്റലേഷൻ ശേഷിയിൽ രാജ്യത്ത് ഏറ്റവും മുൻനിരയിൽ കേരളവുമുണ്ട്. പിഎം സൂര്യ ഘർ പദ്ധതിക്ക് പുറമെയുള്ളതു കൂടി പരിഗണിച്ചാൽ മേയ് 31ലെ കണക്കുകൾ പ്രകാരം കേരളത്തിന് 2036.50 മെഗാ വാട്ട് പുരപ്പുറ സോളാർ വൈദ്യുതി ശേഷിയാണുള്ളത്.

# റഷ്യൻ എണ്ണ ഇറക്കുമതി; ജൂണിൽ റിക്കാർഡിലേക്ക്

**മുംബൈ:** റഷ്യയിൽനിന്ന് ഇന്ത്യയുടെ എണ്ണ ഇറക്കുമതി ജൂൺ മാസത്തിൽ പുതിയ റിക്കാർഡിലേക്ക് നീങ്ങുന്നു. ഇന്ത്യക്ക് അസംസ്കൃത എണ്ണ വിതരണം ചെയ്യുന്നവരുടെ പട്ടികയിൽ ആദ്യ അഞ്ചിൽ വെനസ്വേല.



പശ്ചിമേഷ്യൻ സംഘർഷങ്ങൾ കാരണം വിതരണത്തിലുണ്ടായ തടസങ്ങളെത്തുടർന്ന് ഇന്ത്യൻ എണ്ണ ശുദ്ധീകരണശാലകൾ വിലക്കിഴിവിൽ ലഭിക്കുന്ന റഷ്യൻ എണ്ണ വൻതോതിൽ ഇറക്കുമതി ചെയ്യുകയാണ്.

കമ്മോഡിറ്റി അനലിറ്റിക്സ് സ്ഥാപനമായ കെപ്ലറിൽനിന്നുള്ള പ്രാഥമിക വെസൽ ട്രാക്കിംഗ് വിവരങ്ങൾ പ്രകാരം ജൂൺ ഒന്നു മുതൽ 19 വരെയുള്ള കണക്കിൽ പ്രതിദിനം ശരാശരി 2.66 മില്യൺ ബാരൽ റഷ്യൻ എണ്ണ ഇറക്കുമതി ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ രാജ്യത്തിൻറെ ആകെ അസംസ്കൃത എണ്ണ ഇറക്കുമതിയുടെ 53.5 ശതമാനവും ഇതാണ്.

പ്രതിദിനം 6,36,000 ബാരലാണ് യുഎഇയിൽ നിന്നെത്തുന്നത്. എന്നാലിത് മേയ് മാസത്തിൽ രേഖപ്പെടുത്തിയ 6,44,000 ബാരൽ എന്ന റിക്കാർഡ് നിരക്കിനേക്കാൾ താഴെയാണ്. പ്രതിദിനം 2,09,000 ബാരൽ എണ്ണ ഇറക്കുമതി ചെയ്തുകൊണ്ട് വെനസ്വേല ഇന്ത്യയുടെ നാലാമത്തെ വലിയ എണ്ണ വിതരണക്കാരായി മാറി. തൊട്ടുമുന്നിലുള്ള സൗദി അറേബ്യ പ്രതിദിനം 3,84,000 ബാരലാണ് വിതരണം ചെയ്തത്. എന്നാൽ യുഎസിൽനിന്നുള്ള എണ്ണ വാങ്ങലിൽ വലിയ കുറവാണുണ്ടായിരിക്കുന്നത്. മേയിലെ പ്രതിദിനം 2,52,000 ബാരലിൽനിന്ന് 91,000 ബാരലിലെത്തി.

കെപ്ലറുടെ കണക്കുകൾ പ്രകാരം റഷ്യയിൽനിന്നുള്ള അസംസ്കൃത എണ്ണ ഇറക്കുമതി ജൂണിൽ പ്രതിദിനം 2.35 മില്യൺ ബാരൽ കടക്കുമെന്നാണ് കരുതുന്നത്. ഇത് എക്കാലത്തെയും ഉയർന്ന റിക്കാർഡിൽ എത്തിയേക്കുമെന്നാണ് കെപ്ലർ കണക്കാക്കുന്നത്. 2023 മേയിൽ രേഖപ്പെടുത്തിയ പ്രതിദിനം 2.2 മില്യൺ ബാരൽ എന്ന മുൻ റിക്കാർഡാകും വഴിമാറുക.

# പുതിയ പദ്ധതിയുമായി ജല അതോറിറ്റി: മലമ്പുഴ ശുദ്ധജല പദ്ധതിയിലേക്ക് തടസ്സമില്ലാതെ വൈദ്യുതിയെത്തും

**പാലക്കാട്:** മലമ്പുഴയിൽ നിന്നുള്ള ശുദ്ധജല വിതരണത്തെ വൈദ്യുതി തടസ്സം ബാധിക്കാതിരിക്കാൻ പ്രത്യേക ഫീഡറും ഭൂമിക്കടിയിലൂടെയുള്ള കേബിൾ പദ്ധതിയും ശുപാർശ ചെയ്ത് ജല അതോറിറ്റി. ഇതിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ കെഎസ്ഇബിയോട് ആവശ്യപ്പെട്ടു. കെഎസ്ഇബി മലമ്പുഴ സബ്സ്റ്റേഷനിൽ നിന്നു മലമ്പുഴ ജലശുദ്ധീകരണ ശാലയിലേക്കു പ്രത്യേക ഫീഡറും ഭൂഗർഭ കേബിൾ പദ്ധതിയും നടപ്പാക്കണമെന്നാണ് ആവശ്യം. ശക്തമായ മഴയിലും കാറ്റിലും മരം വീണും മറ്റും മലമ്പുഴ ജലശുദ്ധീകരണ പ്ലാന്റിലേക്കുള്ള വൈദ്യുതി വിതരണം തടസ്സപ്പെടുന്നതു പതിവാണ്. ഇതോടെ ജല വിതരണ പമ്പിങ് പൂർണമായും നിലയ്ക്കും. രണ്ടോ മൂന്നോ മണിക്കൂർ പമ്പിങ് മുടങ്ങിയാൽ പോലും മലമ്പുഴയിൽ നിന്നുള്ള ശുദ്ധജലവിതരണം താളം തെറ്റും. പിന്നീട് ഇതു സാധാരണ നിലയിലാകാൻ ദിവസങ്ങൾ വേണ്ടിവരും.നിലവിലെ സാഹചര്യത്തിൽ കെഎസ്ഇബി അടിയന്തരമായി ഇടപെട്ടാണു പരമാവധി വേഗത്തിൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുന്നത്. ഇതിനു പരിഹാരമായി ഭൂഗർഭ കേബിൾ പദ്ധതി നടപ്പാക്കണമെന്നാണു ജല അതോറിറ്റിയുടെ ആവശ്യം. എസ്റ്റിമേറ്റ് ലഭിച്ചാൽ ഫണ്ട് ലഭ്യതയ്ക്കായി ജല അതോറിറ്റി വകുപ്പിനു വിശദ റിപ്പോർട്ട് നൽകും. സർക്കാർ ഫണ്ട് അനുവദിക്കുമെന്നാണു പ്രതീക്ഷ. പാലക്കാട്, മലമ്പുഴ നിയോജകമണ്ഡലങ്ങൾക്ക് അത്യാവശ്യമായ പദ്ധതിയാണിത്.പാലക്കാട് നഗരസഭ, മലമ്പുഴ, അകത്തേത്തറ, പുതുപ്പരിയാരം, പിരായിരി, മരുതറോഡ് പഞ്ചായത്തുകളിലേക്കു മലമ്പുഴ പദ്ധതിയിൽ നിന്നാണു ശുദ്ധജലം എത്തിക്കുന്നത്.






# ഫിസാറ്റ് വിദ്യാർത്ഥികൾക്ക് അന്തർദേശിയ ഗ്രാൻഡ് സ്കോളർഷിപ്പ്

**അങ്കമാലി:** ഫിസാറ്റ് എൻജിനിയറിങ് കോളേജ് വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ അമേരിക്കൻ സൊസൈറ്റി ഓഫ് മെക്കാനിക്കൽ എഞ്ചിനിയേർസ്  ഏർപ്പെടുത്തിയ സ്കോളർഷിപ്പ് സ്റ്റുഡൻറ്സ് ഗ്രാൻഡിനു അർഹത നേടി. നാലര ലക്ഷം രൂപയാണ് സ്കോളർഷിപ്പ് ഗ്രാൻഡ് ആയി ലഭിക്കുക. ഫിസാറ്റിലെ മെക്കാനിക്കൽ എൻജിനിയറിങ് വിദ്യാർത്ഥികളായ ജിഷ്ണു എസ് നംബീശൻ, നന്ദന പ്രദീപ്, പുലപ്പടി അശ്വതി എന്നിവർക്കാണ് ഈ അന്തർദേശിയ അംഗീകാരം. ഓരോരുത്തർക്കും 1500 ഡോളർ വീതമാണ് ലഭിക്കുന്നത്. വിദ്യാർത്ഥികളുടെ മികച്ച നേതൃപാടവത്തിനും തുടർ പഠനത്തിനുള്ള സാധ്യതകൾക്കുമായിട്ടാണ് സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത് . ഇതിനു മുൻപും നിരവധി തവണ ഫിസാറ്റിലെ വിദ്യാർത്ഥികൾക്ക് എ എസ് എം ഇ സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്. മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗം മേധാവി ഡോ സി ആർ രെജീഷ്, ഡോ ടി എം ഹാരിഷ്, അനൂപ് ശങ്കർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള അധ്യാപകരുടെ മേൽനോട്ടവും സ്കോളർഷിപ്പ് ലഭിക്കുന്നതിന് സഹായകമായി.



# നിർമ്മലാ കോളേജിൽ അന്താരാഷ്ട്ര യോഗാദിനാചരണം

**മുവാറ്റുപുഴ:** അന്താരാഷ്ട്ര യോഗാദിനാചരണത്തിന്റെ ഭാഗമായി മുവാറ്റുപുഴ നിർമ്മലാ കോളേജിലെ (ഓട്ടോണമസ്) ഇംഗ്ലീഷ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ശാന്തിഹ് എന്ന പേരിൽ യോഗ, ധ്യാന സെഷൻ സംഘടിപ്പിച്ചു. കോളേജ് സ്റ്റാഫ് ഫിറ്റ്നസ് സെന്ററിൽ ജൂൺ 22ന് രാവിലെ 10:00 മുതൽ 11:30 വരെയായിരുന്നു പരിപാടി. ഇംഗ്ലീഷ് വിഭാഗത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ 23 പേർ സെഷനിൽ സജീവമായി പങ്കെടുത്തു.

ശ്രീരുദ്രവിലാസം വൈദ്യശാല ഡയറക്ടറും, പതഞ്ജലി യോഗ ട്രെയിനിംഗ് ആൻഡ് റിസർച്ച് സെന്റർ  പ്രസിഡന്റും, ആയുർവേദ ഡോക്ടറും, എൻ.എൽ.പി  ട്രെയിനറുമായ ഡോ. രാജീവ്കുമാർ ആർ. പരിപാടിക്ക് നേതൃത്വം നൽകി. ധ്യാനം, ആത്മപരിശോധന, പ്രഭാഷണം എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള തനത് ശൈലിയിലൂടെ സ്വയം തിരിച്ചറിവിലേക്കും മാനസിക ഉന്മേഷത്തിലേക്കും അദ്ദേഹം പങ്കാളികളെ നയിച്ചു.

പരമ്പരാഗത യോഗാ രീതികൾക്കപ്പുറം, നിത്യജീവിതത്തിലെ തിരക്കുകൾക്കിടയിൽ അല്പസമയം സ്വസ്ഥമായിരിക്കാനും സ്വന്തം ഉള്ളിലേക്ക് തിരിഞ്ഞുനോക്കാനും പ്രേരിപ്പിക്കുന്നതായിരുന്നു സെഷൻ. ബോധപൂർവ്വമായ ശ്വസനരീതികൾ, പോസിറ്റീവ് ചിന്താഗതി, ജാഗ്രതയോടെയുള്ള ജീവിതശൈലി എന്നിവയുടെ പ്രാധാന്യം ഡോ. രാജീവ്കുമാർ ചൂണ്ടിക്കാട്ടി. 'മനുഷ്യനിൽ നിന്ന് അതിമാനുഷനിലേക്കുള്ള' യാത്രയെക്കുറിച്ച് സംസാരിച്ച അദ്ദേഹം, വ്യക്തിപരമായ ചിന്തകളും പ്രവൃത്തികളും സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്ക് എങ്ങനെ കാരണമാകുന്നുവെന്നും വിശദീകരിച്ചു.

# കുസാറ്റിൽ വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്)യിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐപിആർ സ്റ്റഡീസ് 2026-27 അധ്യയന വർഷത്തേക്കുള്ള ഗസ്റ്റ് ഫാക്കൽറ്റി പാനൽ തയ്യാറാക്കുന്നതിനായി വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു.

യുജിസി ചട്ടപ്രകാരമുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. ബൗദ്ധിക സ്വത്തവകാശം  വിഷയത്തിൽ എൽ.എൽ.എം. യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും.

താൽപര്യമുള്ള ഉദ്യോഗാർഥികൾ ജൂൺ 29ന്  രാവിലെ 10:30നും12.30ന് ഇടയ്ക്ക് കുസാറ്റ് ക്യാമ്പസിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐപിആർ സ്റ്റഡീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പരിശോധനയ്ക്കായി ഹാജരാക്കണം.

കൂടുതൽ വിവരങ്ങൾക്ക്: 9249053563, 04842862610.



# യോഗ നയതന്ത്രത്തിലൂടെ ലോകഹൃദയങ്ങൾ കീഴടക്കി ഇന്ത്യ

**ന്യൂഡൽഹി:** 2014ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഐക്യരാഷ്ട്രസഭയിൽ മുന്നോട്ടുവെച്ച അന്താരാഷ്ട്ര യോഗ ദിനം എന്ന ആശയം ഇന്ന് ഇന്ത്യയുടെ സാംസ്കാരിക സോഫ്റ്റ് പവർ ലോകമെമ്പാടും വ്യാപിപ്പിക്കുന്ന ശക്തമായ ഉപാധിയായി മാറിയിരിക്കുകയാണ്. 2014 ഡിസംബർ 11ന് ഐക്യരാഷ്ട്രസഭ ജൂൺ 21നെ അന്താരാഷ്ട്ര യോഗ ദിനമായി പ്രഖ്യാപിച്ചതിന് പിന്നാലെ, കഴിഞ്ഞ 12 വർഷത്തിനിടെ യോഗ ആഗോളതലത്തിൽ സമാധാനത്തിന്റെയും ആരോഗ്യത്തിന്റെയും പ്രതീകമായി വളർന്നു. ഇന്ത്യയുടെ വിദേശകാര്യ മന്ത്രാലയവും ലോകമെമ്പാടുമുള്ള ഇന്ത്യൻ ദൗത്യസ്ഥാപനങ്ങളും നടത്തിയ നിരന്തര പ്രവർത്തനങ്ങളുടെ ഫലമായി, പാരിസിലെ ഐഫൽ ടവറിൽ നിന്നും ന്യൂയോർക്കിലെ ടൈംസ് സ്ക്വയറിലേക്കും ചൈനയിലെ വന്മതിൽ നിന്നും അർജന്റീനയിലെ ഒളിമ്പിക് പാർക്കിലേക്കും ലക്ഷക്കണക്കിന് ആളുകൾ യോഗാഭ്യാസത്തിൽ പങ്കുചേരുന്നു.

ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ നേതൃത്വത്തിൽ വിവിധ രാജ്യങ്ങളിൽ യോഗ പരിശീലന പരിപാടികളും അക്കാദമിക് കേന്ദ്രങ്ങളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. യോഗ മാർഗനിർദേശങ്ങൾ ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക ഭാഷകളിലേക്ക് വിവർത്തനം ചെയ്തതിലൂടെ ആഗോള ആരോഗ്യക്ഷേമ നയങ്ങളുടെ ഭാഗമാകാനും യോഗയ്ക്ക് സാധിച്ചു. മാനസിക സമ്മർദ്ദവും ജീവിതശൈലി രോഗങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ, ഇന്ത്യയുടെ യോഗ നയതന്ത്രം ലോകത്തിന് ആരോഗ്യത്തിന്റെയും ഐക്യത്തിന്റെയും പുതിയ സന്ദേശം നൽകുകയാണ്. ഈ പ്രാചീന പാരമ്പര്യത്തിലൂടെ ഇന്ത്യ ആഗോള ക്ഷേമത്തിന് നേതൃത്വം നൽകുകയും ലോകജനതയുടെ ഹൃദയങ്ങളിൽ സ്ഥാനം നേടുകയും ചെയ്തിരിക്കുന്നു.



# ലോകമെമ്പാടും പന്ത്രണ്ടാമത് അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു

**കൊച്ചി:** ആരോഗ്യകരമായ വാർദ്ധക്യത്തിനായുള്ള യോഗ എന്ന പ്രമേയത്തിൽ പന്ത്രണ്ടാമത് അന്താരാഷ്ട്ര യോഗ ദിനം ലോകമെമ്പാടും അതീവ ആവേശത്തോടെ ആഘോഷിച്ചു. ഇന്ത്യയിലെ പ്രധാന ചടങ്ങ് പശ്ചിമ ബംഗാളിലെ കൊൽക്കത്തയിലാണ് നടന്നത്. വിദേശകാര്യ മന്ത്രാലയത്തിന്റെയും ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെയും ആഭിമുഖ്യത്തിൽ, ലോകമെമ്പാടുമുള്ള 210ലധികം ഇന്ത്യൻ എംബസികളും മിഷനുകളും ചേർന്ന് 2,500ലധികം ചരിത്രപരവും പൊതുപ്രാധാന്യമുള്ളതുമായ വേദികളിൽ വിപുലമായ യോഗ സെഷനുകൾ സംഘടിപ്പിച്ചു. എല്ലാ പ്രായക്കാരെയും സജീവവും രോഗരഹിതവുമായ ജീവിതശൈലി പിന്തുടരാൻ പ്രോത്സാഹിപ്പിക്കുകയായിരുന്നു ഈ വർഷത്തെ ആഘോഷത്തിന്റെ ലക്ഷ്യം.

അമേരിക്കയിലെ വാഷിംഗ്ടൺ ഡി.സി.യിലുള്ള ലിങ്കൺ മെമ്മോറിയൽ, ന്യൂയോർക്കിലെ ടൈംസ് സ്ക്വയർ എന്നിവിടങ്ങളിൽ നൂറുകണക്കിന് യോഗാസക്തർ പങ്കെടുത്ത വൻ പരിപാടികൾ നടന്നു. കൂടാതെ ഷാങ്ഹായിലെ ബണ്ട് ഫിനാൻസ് സെന്റർ, ടൊറന്റോയിലെ ഒന്റാറിയോ നിയമസഭാ മന്ദിരം, യുകെയിലെ ബർമിംഗ്ഹാം വിക്ടോറിയ സ്ക്വയർ, അർജന്റീനയിലെ ഒളിമ്പിക് പാർക്ക് എന്നിവിടങ്ങളിലും വിദേശ പൗരന്മാരുടെയും ഇന്ത്യൻ വംശജരുടെയും വലിയ പങ്കാളിത്തത്തോടെ യോഗ ദിനാഘോഷങ്ങൾ സംഘടിപ്പിച്ചു. ആദ്യമായി ഭിന്നശേഷിക്കാർക്കായി പ്രത്യേക യോഗ സെഷനുകളും ഇതോടൊപ്പം ഒരുക്കിയിരുന്നു.

സാംസ്കാരികവും ഭാഷാപരവുമായ അതിരുകൾ മറികടന്ന് ലോകമെമ്പാടുമുള്ള ജനങ്ങൾ ഒരുമിച്ച് യോഗയും പ്രാണായാമവും അഭ്യസിച്ചു. ഐക്യരാഷ്ട്രസഭയുടെ ആറു ഔദ്യോഗിക ഭാഷകളിലേക്ക് വിവർത്തനം ചെയ്ത കോമൺ യോഗ പ്രോട്ടോക്കോൾ  അനുസരിച്ചായിരുന്നു ഈ പരിശീലനം.

ആഗോളതലത്തിൽ ദൃശ്യമായ ഈ വൻ ജനപങ്കാളിത്തം, യോഗ ഇനി വെറുമൊരു ദിവസത്തെ ആഘോഷമല്ലെന്നും, മറിച്ച് ലോകമെമ്പാടുമുള്ള ജനങ്ങളുടെ ജീവിതശൈലിയുടെയും സമഗ്ര ക്ഷേമത്തിന്റെയും അവിഭാജ്യ ഘടകമായി മാറിക്കഴിഞ്ഞുവെന്നും തെളിയിക്കുന്നു.

## എം.ജി.യു. ബിരുദ ഏകജാലകം രണ്ടാം അലോട്ട്മെന്റ്: രജിസ്ട്രേഷൻ ആരംഭിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവ്വകലാശാല ബിരുദ പ്രവേശനത്തിനായുള്ള രണ്ടാം അലോട്ട്മെന്റ് ജൂൺ 26 വരെ. നിലവിൽ പ്രവേശനം നേടിയവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും പങ്കെടുക്കാം. പുതിയ അപേക്ഷകളും സ്വീകരിക്കും.

നിലവിൽ വിവിധ കാരണങ്ങളാൽ പ്രവേശനം നേടാൻ സാധിക്കാതിരുന്നവർക്കും, അപേക്ഷ റിജക്ട് ആയിപ്പോയവർക്കും പ്രൊഫൈലിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും ഓപ്ഷനുകൾ പുതുതായി നൽകുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്.

പ്രവേശനം നേടിയവർക്ക് രണ്ടാം അലോട്ട്മെന്റിന് ശേഷമുള്ള തുടർ അലോട്ട്മെന്റുകളിൽ പങ്കെടുക്കുന്നതിനോ അപേക്ഷയിൽ മാറ്റങ്ങൾ വരുത്തുന്നതിനോ അവസരം ലഭിക്കുന്നതല്ല.

### പരീക്ഷാ തീയതി

അഞ്ചും ആറും സെമസ്റ്റർ ബിഎ/ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (സിബിസിഎസ്എസ്) (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്)

പരീക്ഷകൾക്ക് ജൂലൈ 13 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 14 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 15 വരെയും അപേക്ഷ സ്വീകരിക്കും.

### വൈവ വോസി

നാലാം സെമസ്റ്റർ എംഎ ഹിന്ദി പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ജൂൺ 30 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.



## എം.ജി. സർവകലാശാല: അന്താരാഷ്ട്ര യോഗാ ദിനാചരണം സമാപിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയിൽ രണ്ട് ദിവസങ്ങളിലായി നടന്നു വന്ന അന്താരാഷ്ട്ര യോഗാ ദിനാചരണ പരിപാടികൾ സമാപിച്ചു. സർവകലാശാല അസംബ്ലി ഹാളിൽ നടന്ന രണ്ടാം ദിവസത്തെ പൊതുപരിപാടി വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു.

മനുഷ്യന്റെ ശാരീരികവും മാനസികവും ആത്മീയവുമായ വളർച്ചയ്ക്ക് യോഗ സുപ്രധാനമാണെന്നും, ജീവിതത്തെ ശരിയായ ദിശയിലേക്ക് നയിക്കാൻ യോഗ സഹായകരമാണെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ആധുനിക ലോകത്ത്, പല നേട്ടങ്ങൾക്കിടയിലും മനുഷ്യന് ആന്തരിക സന്തോഷം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടെന്നും, യോഗ ഇതിനൊരു പരിഹാരമാണെന്നും വൈസ് ചാൻസലർ ചൂണ്ടിക്കാട്ടി. ഇന്നത്തെ ഫിറ്റ്നസ് സംസ്കാരത്തോടൊപ്പം യോഗയുടെ പ്രാധാന്യവും കൂടുതൽ പ്രചരിപ്പിക്കപ്പെടേണ്ടതുണ്ടെന്നും പ്രൊഫ. മാവൂതു കൂട്ടിച്ചേർത്തു.

സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ചങ്ങനാശ്ശേരി എൻ.എസ്.എസ് ഹിന്ദു കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. പി. ആർ. കേശവചന്ദ്രൻ യോഗാ ദിന മുഖ്യ സന്ദേശം നൽകി. സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപതിയിലെ ആർ. സഞ്ജയാനന്ദ് അന്താരാഷ്ട്ര യോഗാ ദിന പ്രോട്ടോകോൾ അവതരിപ്പിച്ചു.

സെന്റർ ഫോർ യോഗ & നാച്ചുറോപതിയിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച യോഗകളരി പ്രകടനം കാണികളിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റി.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം ജിം അലക്സ്, ബ്ലോക്ക് പഞ്ചായത്ത് അംഗം പ്രൊഫ. (ഡോ.) റോസമ്മ സോണി, വാർഡ് മെമ്പർ മറിയാമ്മ മാത്യു എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. കോട്ടയം സ്വാമി വിവേകാനന്ദ യോഗ വിദ്യാപീഠം ഡയറക്ടർ യോഗ സാധക് കെ. ശങ്കരന്റെ നേതൃത്വത്തിൽ പ്രത്യേക യോഗ പരിശീലന സെഷൻ നടന്നു. എൻ.എസ്.എസ് പ്രോഗ്രാം കോഓർഡിനേറ്റർ പ്രൊഫ. ഇ. എൻ. ശിവദാസ് നന്ദി രേഖപ്പെടുത്തി.




## എം.എസ്.എം.ഇ ബോധവൽക്കരണ പരിപാടി സഞ്ജയ് മൽഹോത്ര ഉദ്ഘാടനം ചെയ്തു

**കൊച്ചി:** അന്താരാഷ്ട്ര എം.എസ്.എം.ഇ ദിനത്തോടനുബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം റീജിയണൽ ഓഫീസ് ഇന്ന് കൊച്ചി പാലാരിവട്ടത്തുള്ള ദി റെനൈ കൊച്ചിൻ ഹോട്ടലിൽ എം.എസ്.എം.ഇ സംരംഭകർക്കായി ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. സാമ്പത്തിക സാക്ഷരത വർദ്ധിപ്പിക്കുക, ഔപചാരിക വായ്പാ സംവിധാനങ്ങളിലേക്കുള്ള പ്രവേശനക്ഷമത മെച്ചപ്പെടുത്തുക, സംരംഭകരും ബാങ്കുകളും സർക്കാർ ഏജൻസികളും തമ്മിലുള്ള ആശയവിനിമയം സുഗമമാക്കുക എന്നിവ ലക്ഷ്യമിട്ട് നടത്തിയ ഈ പരിപാടിയിൽ കേരളത്തിലുടനീളമുള്ള 140ഓളം എം.എസ്.എം.ഇ സംരംഭകർ പങ്കെടുത്തു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഗവർണർ സഞ്ജയ് മൽഹോത്ര പരിപാടി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ, ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയ്ക്ക് എം.എസ്.എം.ഇ മേഖല നൽകുന്ന നിർണ്ണായക സംഭാവനകളെക്കുറിച്ച് മൽഹോത്ര എടുത്തു പറഞ്ഞു. രാജ്യത്തിന്റെ ജി.ഡി.പിയുടെ ഏകദേശം 31 ശതമാനവും, നിർമ്മാണ ഉത്പാദനത്തിന്റെ 45 ശതമാനവും, കയറ്റുമതിയുടെ ഏകദേശം 50 ശതമാനവും സംഭാവന ചെയ്യുന്നത് എം.എസ്.എം.ഇ മേഖലയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കൂടാതെ, ഏകദേശം 33 കോടി ആളുകൾക്ക് തൊഴിൽ നൽകുന്നതിലൂടെ, കാർഷിക മേഖലയ്ക്ക് പുറത്ത് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മേഖലയായി എം.എസ്.എം.ഇ മാറിയിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

കയർ, സുഗന്ധവ്യഞ്ജനങ്ങൾ, ടൂറിസം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ നിന്ന് കരുത്ത് ഉൾക്കൊള്ളുന്നതോടൊപ്പം തന്നെ വിവരസാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്, ഫിൻടെക്, ശുദ്ധ ഊർജ്ജം എന്നീ മേഖലകളിൽ നവീകരണത്തിന്റെ കേന്ദ്രങ്ങളായി ഉയർന്നുവന്നുകൊണ്ട്, കേരളവും കൊച്ചിയും എം.എസ്.എം.ഇ മേഖലയുടെ സംരംഭകത്വ വീര്യത്തിന് മികച്ച ഉദാഹരണങ്ങളായി നിലകൊള്ളുകയാണെന്ന് ഗവർണർ പറഞ്ഞു.

വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ എം.എസ്.എം.ഇകൾക്കുള്ള പ്രാധാന്യം ഊന്നിപ്പറഞ്ഞ മൽഹോത്ര, വിവിധ ജില്ലകളിലും പട്ടണങ്ങളിലും പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങളിലേക്ക് വികസനം എത്തിച്ചേരുമ്പോൾ മാത്രമേ ഇന്ത്യയുടെ വികസന അഭിലാഷങ്ങൾ യാഥാർത്ഥ്യമാകൂ എന്ന് പറഞ്ഞു. എം.എസ്.എം.ഇകളെ സംരംഭകത്വത്തിന്റെ നഴ്സറി എന്ന് വിശേഷിപ്പിച്ച അദ്ദേഹം, ചെറുകിട ബിസിനസുകൾക്ക് ഫലപ്രദമായി സേവനം നൽകുന്ന ഒരു സാമ്പത്തിക വ്യവസ്ഥയുടെ ആവശ്യകതയെക്കുറിച്ച് പറഞ്ഞു.

എം.എസ്.എം.ഇകൾക്ക് വായ്പ ലഭ്യമാക്കുന്നത് ശക്തിപ്പെടുത്തുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കൈക്കൊണ്ടിട്ടുള്ള വിവിധ നടപടികളെക്കുറിച്ച് ഗവർണർ വിശദീകരിച്ചു. മുൻഗണനാ മേഖല വായ്പാ വ്യവസ്ഥകൾ, സൂക്ഷ്മചെറുകിട സംരംഭങ്ങൾക്കുള്ള ഈടില്ലാത്ത വായ്പകൾ, കോലെൻഡിംഗ് സംവിധാനങ്ങളുടെ വിപുലീകരണം, ലളിതമാക്കിയ പ്രവർത്തന മൂലധന മാനദണ്ഡങ്ങൾ, വായ്പാ വിതരണത്തിലെ വിവരങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റിന്റെ വിജയത്തെക്കുറിച്ച് അദ്ദേഹം എടുത്തുപറഞ്ഞു. ഇതിലൂടെ ഏകദേശം 10 ലക്ഷം കോടി രൂപ മൂല്യം വരുന്ന ഒരു കോടിയിലധികം വായ്പകൾക്ക് ഇതിനകം ഗ്യാരണ്ടി നൽകിക്കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഇൻവോയ്സ് ഡിസ്കൗണ്ടിംഗിലൂടെ തങ്ങളുടെ പണലഭ്യത മെച്ചപ്പെടുത്തുന്നതിനായി ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സിസ്റ്റം പ്ലാറ്റ്ഫോം സജീവമായി പ്രയോജനപ്പെടുത്താൻ അദ്ദേഹം എം.എസ്.എം.ഇകളോട് ആവശ്യപ്പെട്ടു.

സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പരിഷ്കരണങ്ങളെ പരാമർശിച്ചുകൊണ്ട്, സാമ്പത്തികബിസിനസ് വിവരങ്ങൾ ഉപഭോക്താവിന്റെ സമ്മതത്തോടെ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിലൂടെ അക്കൗണ്ട് അഗ്രഗേറ്റർ ചട്ടക്കൂടിനും യൂണിഫൈഡ് ലെൻഡിംഗ് ഇന്റർഫേസിനും വായ്പാ വിതരണ രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുമെന്ന് ശ്രീ മൽഹോത്ര പറഞ്ഞു. ഇത് കൂടുതൽ വേഗതയേറിയതും വിശ്വസനീയവുമായ വായ്പാ മൂല്യനിർണ്ണയം സാധ്യമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സമീപ വർഷങ്ങളിൽ എം.എസ്.എം.ഇ മേഖലയിലേക്കുള്ള ബാങ്ക് വായ്പകളിൽ ഗണ്യമായ വളർച്ചയുണ്ടായിട്ടുണ്ടെന്നും, മൊത്തത്തിലുള്ള ബാങ്ക് വായ്പ വളർച്ചയേക്കാൾ വേഗത്തിലാണ് ഈ മേഖല വികസിച്ചുകൊണ്ടിരിക്കുന്നതെന്നും ഗവർണർ ചൂണ്ടിക്കാട്ടി. വായ്പ ലഭ്യമാകുന്ന കാര്യത്തിൽ ഇപ്പോഴും വലിയൊരു വിടവ് നിലനിൽക്കുന്നുണ്ടെന്ന് അംഗീകരിച്ചുകൊണ്ട്, നിലവിലുള്ള നയപരമായ നടപടികളും സാങ്കേതിക ഇടപെടലുകളും ഈ വിടവ് ഇനിയും കുറയ്ക്കാൻ സഹായിക്കുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

എം.എസ്.എം.ഇകളെ വെറും നിയന്ത്രണ നിബന്ധനകളുടേയോ സർക്കാർ പദ്ധതികളുടേയോ ഗുണഭോക്താക്കളായി മാത്രം കാണരുതെന്നും, മറിച്ച് രാജ്യത്തിന്റെ സാമ്പത്തികസാമൂഹിക വികസനത്തിന് സംഭാവന നൽകുന്ന ദീർഘകാല ബിസിനസ് പങ്കാളികളായി കാണണമെന്നും ശ്രീ മൽഹോത്ര ബാങ്കുകളോടും ധനകാര്യ സ്ഥാപനങ്ങളോടും അഭ്യർത്ഥിച്ചു. കൂടുതൽ സമഗ്രമായ ഒരു വായ്പാ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി ഗജല ഉട, അക്കൗണ്ട് അഗ്രഗേറ്റർ, യു.എൽ.ഐ ചട്ടക്കൂടുകൾ ഉൾപ്പെടെയുള്ള ഇന്ത്യയുടെ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്താൻ അദ്ദേഹം ബാങ്കുകളോട് ആഹ്വാനം ചെയ്തു.

സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, ഗവേഷണം എന്നിവയിൽ നിക്ഷേപം നടത്താനും ഡിജിറ്റൽ വായ്പാ പ്ലാറ്റ്ഫോമുകളിൽ സജീവമായി പങ്കാളികളാകാനും സംരംഭകരെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കവെ ഗവർണർ എം.എസ്.എം.ഇകളോട് ആഹ്വാനം ചെയ്തു. വിവിധ കൂടിയാലോചനാ സംവിധാനങ്ങളിലൂടെ റിസർവ് ബാങ്കുമായി നിരന്തരം സമ്പർക്കം പുലർത്താനും, സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാനും അദ്ദേഹം സംരംഭകരോട് ആവശ്യപ്പെട്ടു.

ആർബിഐ കേരളലക്ഷദ്വീപ് റീജണൽ ഡയറക്ടർ പ്രവീൺ കുമാർ വസന്ത രാമചന്ദ്രൻ, ആർബിഐ കൊച്ചി സെൻട്രൽ ഓഫീസ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഡെവലപ്മെന്റ് വകുപ്പ് ചീഫ് മാനേജർ ആർ ഗിരിധരൻ, ആർബിഐ കൊച്ചി സെൻട്രൽ ഓഫീസ് ജനറൽ മാനേജർ പ്രമോദ് കുമാർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. റിസർവ് ബാങ്കിലെ മുതിർന്ന ഉദ്യോഗസ്ഥർ, വിവിധ ബാങ്കുകളുടേയും സർക്കാർ ഏജൻസികളുടേയും പ്രതിനിധികൾ, വിവിധ മേഖലകളിൽ നിന്നുള്ള എം.എസ്.എം.ഇ സംരംഭകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## ദേശീയപാത–എക്സ്പ്രസ് വേ വഴിയോര വിശ്രമകേന്ദ്രങ്ങളിൽ വാഹന അറ്റകുറ്റപ്പണി, പഞ്ചർ സർവീസ് സൗകര്യങ്ങളൊരുക്കാൻ ദേശീയപാതാ അതോറിറ്റി

**ന്യൂഡൽഹി:** ദേശീയപാത, എക്സ്പ്രസ് വേ എന്നിവയിലൂടെയുള്ള യാത്ര കൂടുതൽ സുഗമമാക്കുന്നതിനും വഴിയോര സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള കമ്പനിയായ നാഷണൽ ഹൈവേസ് ലോജിസ്റ്റിക്സ് മാനേജ്മെന്റ് ലിമിറ്റഡ് ഫീൽഡ് ഓഫീസുകൾക്ക് നിർദേശം നൽകി. വഴിയോര വിശ്രമകേന്ദ്രങ്ങളുടെ ലീസ് എടുത്തവരോട് വാഹന അറ്റകുറ്റപ്പണി കടകളും പഞ്ചർ മാറ്റുന്നതിനുള്ള സൗകര്യങ്ങളും എത്രയും വേഗം സ്ഥാപിക്കുന്നതിന് മുൻഗണന നൽകാൻ ആവശ്യപ്പെടാനാണ് നിർദേശം. ദേശീയ പാതകളിലൂടെയുള്ള യാത്രാനുഭവം മെച്ചപ്പെടുത്തുക, വാഹനങ്ങൾ തകരാറിലായി വഴിയിൽ കിടക്കുന്ന സമയം കുറയ്ക്കുക, റോഡ് സുരക്ഷ വർദ്ധിപ്പിക്കുക, ദേശീയ പാതാ ഇടനാഴികളിലൂടെ യാത്ര ചെയ്യുന്ന യാത്രക്കാർക്കും ചരക്ക് വാഹന ഓപ്പറേറ്റർമാർക്കും ഉടനടി സഹായം ഉറപ്പാക്കുക എന്നിവയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. മിക്ക ദേശീയപാതകളിലും എക്സ്പ്രസ് വേകളിലും ആവശ്യത്തിന് വാഹന റിപ്പയറിംഗ്, പഞ്ചർ സർവീസ് കേന്ദ്രങ്ങൾ ലഭ്യമല്ലെന്ന കണ്ടെത്തലിനെ തുടർന്നാണ് അധികൃതരുടെ ഈ പുതിയ നടപടി. യാത്രയ്ക്കിടയിൽ വാഹനങ്ങൾക്ക് തകരാർ സംഭവിക്കുമ്പോഴും മറ്റ് അടിയന്തര സാഹചര്യങ്ങളിലും യാത്രക്കാർക്ക് സമയബന്ധിതമായി സാങ്കേതിക സഹായം ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതുവഴി യാത്രാതടസ്സങ്ങളും സമയനഷ്ടവും ഒഴിവാക്കാനും റോഡ് സുരക്ഷ ഉറപ്പാക്കാനും സാധിക്കും.

ദേശീയ പാതകളിലെയും എക്സ്പ്രസ് വേകളിലെയും യാത്രക്കാർക്കും വാണിജ്യ വാഹന ഓപ്പറേറ്റർമാർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന സംയോജിത സേവന കേന്ദ്രങ്ങളായാണ് ഈ വഴിയോര വിശ്രമകേന്ദ്രങ്ങളെ വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരം സൗകര്യങ്ങളുടെ വികസനം, ലോകോത്തര നിലവാരത്തിലുള്ള ദേശീയപാതാ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, ഹൈവേ ഉപയോക്താക്കൾക്ക് തടസ്സമില്ലാത്ത യാത്രാ സേവനങ്ങൾ ഉറപ്പാക്കുക എന്ന വലിയ ലക്ഷ്യത്തിന് കൂടുതൽ കരുത്തുപകരും.




## പുതു നേതൃത്വവുമായി റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോർഡ്സ്

**കൊച്ചി :** റോട്ടറി ഇയർ 2026-27 ലെ ഭാരവാഹികളെ പ്രഖ്യാപിച്ച് റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോർഡ്സ്. കൊച്ചി ഐ എം എ ഹൗസിൽ വെച്ച് നടന്ന ചടങ്ങിലായിരുന്നു പ്രസിഡന്റും സെക്രട്ടറിയും മറ്റു ഭാരവാഹികളുമടങ്ങുന്ന പുതിയ നേതൃത്വം അധികാരത്തിലേറിയത് .

## സംസ്ഥാന ഡാറ്റയും ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളും സുരക്ഷിതമാക്കുന്നതിന് മുൻഗണന: മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി

**തിരുവനന്തപുരം:** ഡാറ്റയുടെയും ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നത് സർക്കാരിന്റെ പ്രധാന മുൻഗണനയാണെന്നും സൈബർ ഭീഷണികളെ നേരിടാൻ ശക്തമായ സുരക്ഷാ ചട്ടക്കൂടുകൾ അനിവാര്യമാണെന്നും വ്യവസായവിവര സാങ്കേതികവിദ്യ വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. സംസ്ഥാന ഡാറ്റയ്ക്കായുള്ള സൈബർ സുരക്ഷാ ചട്ടക്കൂടുകൾ ശക്തിപ്പെടുത്തൽ' എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച സംസ്ഥാനതല കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു കുഞ്ഞാലിക്കുട്ടി.

കേരളത്തിൽ ഡിജിറ്റൽ ഭരണസംവിധാനങ്ങളും ഓൺലൈൻ സർക്കാർ സേവനങ്ങളും വ്യാപകമാകുന്ന സാഹചര്യത്തിൽ റാൻസംവെയർ ആക്രമണങ്ങൾ, ഡാറ്റ ചോർച്ചകൾ, ഫിഷിംഗ് തട്ടിപ്പുകൾ, നിർണായക ഡിജിറ്റൽ സംവിധാനങ്ങൾക്കെതിരായ ആക്രമണങ്ങൾ തുടങ്ങിയ സൈബർ ഭീഷണികൾ വർധിച്ചുവരുന്നതായി മന്ത്രി ചൂണ്ടിക്കാട്ടി. ഇത്തരം വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന് കേന്ദ്രസംസ്ഥാന ഏകോപനവും ആധുനിക സൈബർ സുരക്ഷാ സംവിധാനങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, നാഷണൽ ഇഗവേണൻസ് ഡിവിഷൻ, കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു പരിപാടി. സംസ്ഥാനങ്ങളിലെ സൈബർ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും സർക്കാർ ഡാറ്റയുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള ദേശീയതല കൺസൾട്ടേറ്റീവ് പ്രക്രിയയുടെ ഭാഗമായാണ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്.

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാർ, ഡെപ്യൂട്ടി ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാർ, സൈബർ സുരക്ഷാ വിദഗ്ധർ, സാങ്കേതിക വിദഗ്ധർ, വ്യവസായഅക്കാദമിക് രംഗങ്ങളിലെ പ്രതിനിധികൾ എന്നിവർ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

റിസ്ക് അടിസ്ഥാനമാക്കിയുള്ള സൈബർ സുരക്ഷാ വിലയിരുത്തലുകൾ, സ്റ്റേറ്റ് ഡാറ്റാ സെന്ററുകളുടെ സുരക്ഷ, ഇൻസിഡന്റ് റെസ്പോൺസ് സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, സൈബർ സുരക്ഷാ ഭരണത്തിൽ ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരുടെ പങ്ക്, സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്ററുകൾ, ഉയർന്നുവരുന്ന സൈബർ സുരക്ഷാ സാങ്കേതികവിദ്യകൾ തുടങ്ങിയ വിഷയങ്ങൾ സെഷനുകളിൽ ചർച്ച ചെയ്തു.

സർക്കാർ സംവിധാനങ്ങളുടെ നിലവിലെ സൈബർ സുരക്ഷാ നില, സുരക്ഷിത ആപ്ലിക്കേഷൻ വികസനം, സൈബർ ക്രൈസിസ് മാനേജ്മെന്റ് പ്ലാനുകളുടെ നടപ്പാക്കൽ, ത്രെറ്റ് ഇന്റലിജൻസ്, തുടർച്ചയായ നിരീക്ഷണം എന്നിവയെ ആസ്പദമാക്കിയുള്ള പ്രതിരോധ സംവിധാനങ്ങളും വർക്ക്ഷോപ്പിൽ വിലയിരുത്തി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സോവറിൻ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ, സീറോ ട്രസ്റ്റ് ആർക്കിടെക്ചർ തുടങ്ങിയ ഭാവി സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട സൈബർ സുരക്ഷാ വെല്ലുവിളികളും അവസരങ്ങളും വിദഗ്ധർ അവതരിപ്പിച്ചു.

വർക്ക്ഷോപ്പിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങളും ശുപാർശകളും കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് സമർപ്പിക്കും. സംസ്ഥാനത്തിന്റെ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളും സർക്കാർ ഡാറ്റയും കൂടുതൽ സുരക്ഷിതമാക്കുന്നതിനും ഭാവി സൈബർ ഭീഷണികളെ ഫലപ്രദമായി നേരിടുന്നതിനും ഈ ശുപാർശകൾ സഹായകരമാകും.



## പൾസ്പോളിയോ തുള്ളിമരുന്ന് വിതരണം ജൂൺ 28ന്

**കോട്ടയം:** പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം ജൂൺ 28ന് ജില്ലയിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. അഞ്ചു വയസ്സിൽ താഴെ പ്രായമുള്ള ജില്ലയിലെ 85277 കുട്ടികൾക്ക് വാക്സിൻ നൽകും.

മരുന്നു വിതരണത്തിനായി 1218 ബൂത്തുകൾ സജ്ജീകരിച്ചിട്ടുണ്ട്. സർക്കാർ സ്വകാര്യ ആശുപത്രികൾ, അങ്കണവാടികൾ, ജനകീയാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ രാവിലെ എട്ടുമുതൽ വൈകുന്നേരം അഞ്ചു വരെ ബൂത്തുകൾ പ്രവർത്തിക്കും.

ബസ് സ്റ്റാൻഡുകൾ, റയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ 40 കേന്ദ്രങ്ങളിൽ ട്രാൻസിറ്റ് ബൂത്തുകളുമുണ്ടാകും. ബൂത്തുകളിൽ എത്താൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും അതിഥിതൊഴിലാളി ക്യാമ്പുകളിലും തുള്ളിമരുന്ന് എത്തിക്കാൻ ആറു മൊബൈൽ ടീമുകളുമുണ്ടാകും.

ജൂൺ28ന് തുള്ളിമരുന്ന് നൽകാൻ സാധിക്കാത്തവർക്ക് അടുത്ത മൂന്ന് ദിവസങ്ങളിൽ വീടുകളിലെത്തി നൽകുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ അറിയിച്ചു.

ജില്ലാ കളക്ടർ ചേതൻകുമാർ മീണയുടെ അധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പ് മേധാവികളുടെ യോഗം പോളിയോ തുള്ളിമരുന്ന് വിതരണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ വിലയിരുത്തി.

# പകർച്ചവ്യാധികൾക്കെതിരെ പോരാടാൻ ഡ്രൈ ഡേ; സ്വന്തം വസതിയിൽ തുടക്കം കുറിച്ച് ആരോഗ്യമന്ത്രി

**തിരുവനന്തപുരം:** കൊതുക് വഴി പടരുന്ന പകർച്ചവ്യാധികൾ തടയുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഡ്രൈ ഡേ ആചരണത്തിന് ഔദ്യോഗിക തുടക്കമായി. ആരോഗ്യ മന്ത്രി കെ മുരളീധരൻ തന്റെ ഔദ്യോഗിക വസതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയാണ് ഈ ജനകീയ പ്രതിരോധ കാമ്പയ്ന് തുടക്കം കുറിച്ചത്.

കൊതുകിന്റെ പ്രജനനം തടയുന്നത് രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ഡ്രൈ ഡേ ദിനാചരണമെന്ന് മന്ത്രി ഓർമിപ്പിച്ചു. വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ എല്ലാ ദിവസവും വൃത്തിയാക്കാൻ സാധിച്ചില്ലെങ്കിലും, ആഴ്ചയിൽ ഒരിക്കലെങ്കിലും നിർബന്ധമായും വൃത്തിയാക്കുക എന്നതാണ് ഡ്രൈ ഡേ ലക്ഷ്യമിടുന്നത്. അതിനാൽ പൊതുജനങ്ങൾ ഏവരും ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ പാലിച്ച് ഈ ദൗത്യത്തിൽ പങ്കാളികളാകണമെന്നും മന്ത്രി അഭ്യർഥിച്ചു.

വെള്ളിയാഴ്ചകളിൽ സംസ്ഥാനത്തെ സ്കൂളുകളിൽ, ശനിയാഴ്ചകളിൽ സർക്കാർ ഓഫീസുകളിൽ, ഞായറാഴ്ചകളിൽ വീടുകളിൽ എന്നിങ്ങനെയാണ് ഡ്രൈ ഡേ ക്രമപ്പെടുത്തിയിട്ടുള്ളത്.

മന്ത്രിയുടെ നേതൃത്വത്തിൽ പ്രദേശത്തെ വീടുകളിലും സന്ദർശനം നടത്തുകയും ബോധവത്ക്കരണ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. ചടങ്ങിൽ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ഡോ. റീത്ത കെ പി, അഡീഷണൽ ഡയറക്ടർ (ആസൂത്രണം) ഡോ. ഉണ്ണിക്കൃഷ്ണൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ സർവെയിലൻസ് ഓഫീസറുമായ ഡോ. അനിൽകുമാർ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അർണോൾഡ് ദീപക് എന്നിവരും പങ്കെടുത്തു.




# ഐഎൻടി ആദിത്യ ബിർള പെർഫോമിംഗ് ആർട്സ് അക്കാദമി ആരംഭിച്ച് ആദിത്യ ബിർള ഗ്രൂപ്പ്

**മുംബൈ:** രാജ്യത്തെ കലാസാംസ്കാരിക രംഗത്തെ ചരിത്രപ്രസിദ്ധമായ ഇന്ത്യൻ നാഷണൽ തിയേറ്ററിന് പുതിയ രൂപവും ലക്ഷ്യവും നൽകിക്കൊണ്ട് ആദിത്യ ബിർള ഗ്രൂപ്പ് ഐഎൻടി ആദിത്യ ബിർള പെർഫോമിംഗ് ആർട്സ് അക്കാദമി ആരംഭിച്ചു.

മുംബൈയിൽ നടന്ന ചടങ്ങിൽ അക്കാദമി ചെയർപേഴ്സൺ രാജശ്രീ ബിർള ഉദ്ഘാടനം നിർവഹിച്ചു. ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗലം ബിർള, നീരജ ബിർള, അനന്യ ബിർള, ആര്യമാൻ വിക്രം ബിർള എന്നിവർ സന്നിഹിതരായി.

1940കളിലെ ഇന്ത്യയുടെ സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ കമലാദേവി ചതോപാധ്യായയെപ്പോലുള്ള ദീർഘദർശികളുടെ നേതൃത്വത്തിൽ ആരംഭിച്ച സ്ഥാപനമാണ് ഇന്ത്യൻ നാഷണൽ തിയേറ്റർ. പി. എൽ. ദേശ്പാണ്ഡെ, ഡോ. ശ്രീറാം ലാഗു, അമരീഷ് പുരി, സദാശിവ് അമ്രാപുർക്കർ, സ്മിത പാട്ടീൽ, സഞ്ജീവ് കുമാർ, ദീനാ പഥക്, ഭക്തി ബർവെ, രോഹിണി ഹട്ടൻഗഡി, അശോക് സറഫ്, പരേഷ് റാവൽ, സ്വരൂപ് സമ്പത്ത് തുടങ്ങി ഇന്ത്യൻ സിനിമയിലെയും നാടകരംഗത്തെയും പ്രഗത്ഭരായ നിരവധി കലാകാരന്മാർ തുടക്കം കുറിച്ചത് ഇന്ത്യൻ നാഷണൽ തിയേറ്ററിലൂടെയാണ്.

തലമുറകളായി സ്കൂളുകൾ, സർവകലാശാലകൾ, ആശുപത്രികൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയിലൂടെ രാജ്യനിർമ്മാണത്തിനായി ആദിത്യ ബിർള ഗ്രൂപ്പ് നൽകിവരുന്ന സംഭാവനകളുടെ തുടർച്ചയാണ് ഈ പുതിയ അക്കാദമി.

തിയേറ്റർ, സംഗീതം, നൃത്തം തുടങ്ങിയ മേഖലകളിൽ മികച്ച പ്രതിഭകളെ വാർത്തെടുക്കുന്നതിനുള്ള ഒരു ദേശീയ കേന്ദ്രമായാണ് അക്കാദമിയെ വിഭാവനം ചെയ്തിരിക്കുന്നത്.




കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റിൽ കൊച്ചി ടാറ്റ കൺസൾട്ടൻസി സർവീസസ് സെന്റർ ഹെഡ് അരുൺ നാരായണൻ തെക്കേതിൽ സംസാരിക്കുന്നു. ഡോ. അനിൽ ജോസഫ്, അൽജിയേഴ്സ് ഖാലിദ്, ലേഖ ബാലചന്ദ്രൻ എന്നിവർ സമീപം

# തീരുമാനങ്ങളുടെ ഗുണനിലവാരവും ബന്ധങ്ങളിലെ ഗുണമേന്മയുമാണ് നല്ല നേതാവിനെ തീരുമാനിക്കുന്നത്: അരുൺ നാരായണൻ

**കൊച്ചി:** ഭാവിയിലേക്കുള്ള കാഴ്ചപ്പാട് പ്രത്യാശയോടെയായിരിക്കണമെന്നും വെല്ലുവിളികളിൽ നിന്നും പുറത്തു കടക്കാൻ കൃത്യമായ ഉത്തരത്തോടൊപ്പം ശരിയായ നേതൃത്വവും ആവശ്യമാണെന്ന് കൊച്ചി ടാറ്റ കൺസൾട്ടൻസി സർവീസസ് സെന്റർ ഹെഡ് അരുൺ നാരായണൻ തെക്കേതിൽ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റിൽ മാനവ അൽഗോരിതം; നേതൃത്വത്തിന്റെ നിത്യപ്രസക്ത ഘടകങ്ങൾ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചരിത്രത്തിൽ ചില വ്യക്തികൾ ലോകത്തിന്റെ ഗതി തന്നെ മാറ്റിയതുപോലെ, ചില കൂട്ടായ പ്രവർത്തനങ്ങൾക്ക് സമൂഹത്തെ വലിയ തോതിൽ മാറ്റാൻ കഴിയും. മാറ്റങ്ങൾ സൃഷ്ടിക്കാൻ വലിയ സ്ഥാപനങ്ങൾക്കോ സർക്കാരിനോ മാത്രമല്ല സാധിക്കുകയെന്നും ചെറിയ സംഘങ്ങൾക്കു പോലും ആഗോളതലത്തിൽ സ്വാധീനം ചെലുത്താനാവുമെന്നും അദ്ദേഹം പറഞ്ഞു.

പുതിയ തലമുറയിൽ സഹാനുഭൂതി വർധിക്കുകയും സുസ്ഥിര ഭാവിയെ കുറിച്ചുള്ള ചിന്ത ഉണ്ടാവുകയുംചെയ്യുന്നത് സന്തോഷകരമാണെന്നും ആളുകൾ പൂർണമായും സ്വാർഥരല്ലെന്ന വിശ്വാസം പ്രത്യാശ സമ്മാനിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ബുദ്ധിശക്തി കൂടുതൽ വികസിക്കുന്നതോടെ കൂടുതൽ അറിവും കൂടുതൽ ജനാധിപത്യവത്ക്കരണവുമുണ്ടാകുന്നുവെന്നും അത്തരം സംവിധാനങ്ങളിൽ നേതൃത്വം കൂടുതൽ ദൃശ്യമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമുണ്ടാവുക എന്നതല്ല നല്ല നേതൃത്വം. തീരുമാനങ്ങളുടെ ഗുണനിലവാരവും ബന്ധങ്ങളിൽ സൃഷ്ടിക്കുന്ന ഗുണമേന്മയുമാണ് നേതാവിന്റെ വിവേചനശേഷി തെളിയിക്കുന്നത്.

ഉത്തരവാദിത്വത്തോടെ തീരുമാനമെടുക്കുക, വിശ്വാസവും ബന്ധങ്ങളും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുക, നവീകരണത്തിനും പഠനത്തിനും വളർച്ചയ്ക്കും നേതൃത്വം നൽകുക എന്നിവയാണ് ഭാവിയിലെ നേതൃത്വത്തിന്റെ പ്രധാന തൂണുകളെന്നും അദ്ദേഹം വിശദമാക്കി.

കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കമ്മിറ്റി ചെയർ ഡോ. അനിൽ ജോസഫ് സ്വാഗതവും ഹോണററി സെക്രട്ടറി ലേഖ ബാലചന്ദ്രൻ നന്ദിയും പറഞ്ഞു.

# ഡിജിറ്റൽ ഡിമെൻഷ്യ ബോധവൽക്കരണം: മണപ്പുറം ഫൗണ്ടേഷൻ ചർച്ച സംഘടിപ്പിച്ചു

**മുംബൈ:** അമിതമായ ഡിജിറ്റൽ ഉപയോഗം മൂലം ഉണ്ടാകുന്ന മാനസിക വിഭ്രാന്തിയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് മണപ്പുറം ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ ഡിമെൻഷ്യ അണ്ടർസ്റ്റാന്റിംഗ് ആന്റ് അഡ്രസിംഗ് ദി കോഗ്നിറ്റീവ് കോസ്റ്റ് ഓഫ് ടെക്നോളജി എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു. മണപ്പുറം ഫിനാൻസിന്റെ സിഎസ്ആർ വിഭാഗമാണ് മണപ്പുറം ഫൗണ്ടേഷൻ.

ഡിജിറ്റൽ ആശ്രയം അനുദിനം വർധിക്കുന്ന സാഹചര്യത്തിൽ, സാങ്കേതിക വിദ്യയുടെ അമിതമായ ഉപയോഗം മൂലം സംഭവിക്കുന്ന മാനസിക പ്രശ്നങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിന് സമൂഹത്തിന്റെ നാനാതുറകളിൽ പെട്ട പ്രമുഖർ എത്തിച്ചേർന്നു. നയരൂപീകരണ വിദഗ്ദ്ധർ, ബിസിനസ് ലീഡർമാർ, ആരോഗ്യ രംഗത്തെ പ്രമുഖർ, പണ്ഡിതർ, സാമൂഹിക രംഗത്തെ പ്രതിനിധികൾ തുടങ്ങിയവരെല്ലാം സജീവമായി ചർച്ചയിൽ പങ്കെടുത്തു.

എൻ കെ പ്രേമചന്ദ്രൻ എം പി മുഖ്യാതിഥിയായിരുന്നു. ബംഗളൂരു നിംഹാൻസിലെ ക്ലിനിക്കൽ സൈക്കോളജി വിഭാഗം പ്രൊഫസർ ഡോ.മനോജ് ശർമ്മ, മാനസികാരോഗ്യ വിദഗ്ധനും അറിയപ്പെടുന്ന സൈക്യാട്രിസ്റ്റുമായ ഡോ.ഹരീഷ് ഷെട്ടി തുടങ്ങിയവരുടെ സെഷനുകൾ ആഴത്തിലുള്ള അറിവുകൾ പങ്കുവെച്ചു. ഡിജിറ്റൽ അഡിക്ഷൻ, സാങ്കേതിക വിദ്യ ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യേണ്ട വിധം, വ്യത്യസ്ത പ്രായക്കാർ കൈക്കൊള്ളേണ്ട പ്രായോഗിക സമീപനങ്ങൾ എന്നീ വിഷയങ്ങളിൽ ഊന്നിയായിരുന്നു ചർച്ച.

ബിസിനസിനപ്പുറം സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സംവാദങ്ങളിലേർപ്പെടാൻ കോർപറേറ്റ് മേഖലയ്ക്ക് ബാധ്യതയുണ്ടെന്ന് മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിംഗ് ഡയറക്ടുമായ വി പി നന്ദകുമാർ വിലയിരുത്തി. ഇത്തരം സംവാദങ്ങൾക്ക വേദിയൊരുക്കാനാണ് മണപ്പുറം ഡയലോഗ്സിലൂടെ ശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. അതിരുവിട്ട ഡിജിറ്റൽ ആശ്രയം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനാണ് ഇത്തവണ ശ്രമിച്ചത്.

നിത്യ ജീവിതത്തിൽ ഒഴിവാക്കാനാവാത്ത സാങ്കേതിക വിദ്യയേയും നിർമ്മിത ബുദ്ധിയേയും അമിതമായി ആശ്രയിക്കുന്നതു മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ശരിയായ പരിപ്രേക്ഷ്യത്തിൽ മനസിലാക്കി പരിഹാരം കണ്ടെത്തുകയാണ് വേണ്ടതെന്ന് എൻ കെ പ്രേമചന്ദ്രൻ എംപി പറഞ്ഞു. പ്രശ്നം ഉചിതമായ നയരൂപീകരണ വേദിയിൽ ഉന്നയിക്കുമെന്നും അദ്ദേഹം അറിയിച്ചു.




രാജ്യത്തെ പൗരന്മാരിൽ ഏഴിൽ ഒരാൾ വീതം മാനസിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണന്ന് ഡോ ഹരീഷ് ഷെട്ടി പറഞ്ഞു. ഇതിനെ നേരിടാൻ ബോധവൽക്കരണവും കാലേക്കൂട്ടിയുള്ള ഇടപെടലും സമൂഹത്തിന്റെ പിന്തുണയും ആവശ്യമാണ്. യുവതീയുവാക്കൾക്കിടയിൽ ഡിപ്രഷൻ മൂലമുള്ള ആത്മഹത്യ വർധിക്കുന്നു. 18 വയസിൽ താഴെയുള്ളവരുടെ ആത്മഹത്യയ്ക്കു പ്രധാന കാരണങ്ങൾ കുടുംബ സംഘർഷങ്ങൾ, ശിഥിലമാകുന്ന ബന്ധം, പഠനവുമായി ബന്ധപ്പെട്ട ആകുലതകൾ എന്നിവയാണ്. 15 വയസിൽ താഴയുള്ള കുട്ടികൾ ഇൻസ്റ്റാഗ്രം പോലുള്ളവ ഉപയോഗിക്കുന്നത് തടയാൻ നിയമ നിർമ്മാണം ആവശ്യമാണ്. അദ്ദേഹം പറഞ്ഞു.

ഡിജിറ്റൽ ഡിമെൻഷ്യ ഔപചാരികമായ രോഗ നിർണ്ണയമല്ലെങ്കിലും അതൊരു ജീവിത ശൈലീ രോഗമായി അതിവേഗം മാറിക്കൊണ്ടിരിക്കയാണെന്ന് ഡോ മനോജ് ശർമ്മ മുന്നറിയിപ്പു നൽകി. മനുഷ്യർ തമ്മിലുള്ള ആരോഗ്യപരമായ ആശയ വിനമയത്തിന്റെ സ്ഥാനം ഡിജിറ്റൽ ഉപകരണങ്ങൾ ഏറ്റെടുത്തതോടെയാണ് സ്ഥിതി വഷളായതെന്ന് അദ്ദേഹം നിരീക്ഷിച്ചു.

മണപ്പുറം ഫിനാൻസ് ഗ്രൂപ്പ് ചീഫ് കംപ്ലിയൻസ് ഓഫീസർ ആഷിഷ് ചന്ദക് സ്വാഗതവും പ്രമുഖ സംരംഭകനും ലയൺസ് ഇന്റർ നാഷണലിന്റെ മുൻ മൾട്ടിപ്പിൾ കൗൺസിൽ ചെയർ പേഴ്സണുമായ സാജു ആൻണി പത്താടൻ നന്ദിയും പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# റെഡ്മി ടർബോ 5 അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിൽ ആദ്യമായി റെഡ്മി ടർബോ സീരീസ് പുറത്തിറക്കി. സ്മാർട്ട്ഫോണിൽ കൂടുതൽ പെർഫോമൻസ് പ്രതീക്ഷിക്കുന്ന ഉപയോക്താക്കൾക്കായി രൂപകൽപ്പന ചെയ്ത റെഡ്മി ടർബോ 5, ശക്തമായ പെർഫോമൻസ്, അസാധാരണ ബാറ്ററി ദൈർഘ്യം, മെച്ചപ്പെട്ട ഇമേജിംഗ് കഴിവുകൾ, മികച്ച എന്റർടെയ്ൻമെന്റ് അനുഭവം, വിശ്വസനീയമായ ദൃഢത എന്നിവ പ്രീമിയം പാക്കേജായി ഒരുമിപ്പിക്കുന്നു. ഇതിന് എൽപിഡിഡിആർ5എക്സ് അൾട്രാ മെമ്മറിയും യുഎഫ്എസ് 4.1 സ്റ്റോറേജും ലഭ്യമാണ്. റെഡ്മി ടർബോ 5ന്റെ 16% സിലിക്കൺ കാർബൺ സാങ്കേതികവിദ്യയോട് കൂടിയ 7540എംഎഎച്ച് ബാറ്ററി 30 മിനിറ്റിൽ 51% വരെ ചാർജ് ചെയ്യാം.

ഡ്യൂവൽ സൈഡഡ് പ്രീമിയം ഗ്ലാസ്, എയറോസ്പേസ് ഗ്രേഡ് മെറ്റൽ ഫ്രെയിം, കോർണിംഗ് ഗൊറില്ല ഗ്ലാസ് 7ഐ സംരക്ഷണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഐപി66, ഐപി68, ഐപി69, ഐപി69കെ റേറ്റിംഗ് വഴി പൊടി, വെള്ളം, ഉയർന്ന മർദ്ദമുള്ള ജലസ്പ്രേ എന്നിവയ്ക്കെതിരെയും സംരക്ഷണം നൽകുന്നു. 8ജിബി+256ജിബി എംആർപി 37,999 രൂപ,-ഐബിഡി ഡിസ്കൗണ്ട് 2,000രൂപ-നെറ്റ് എഫക്റ്റീവ് വില 35,999രൂപ 12ജിബി+256ജിബി എംആർപി 40,999രൂപ-ഐബിഡി ഡിസ്കൗണ്ട് 2,000രൂപ-നെറ്റ് എഫക്റ്റീവ് വില 38,999രൂപ.



# തനിഷ്ക് പുതിയ നാച്ചുറൽ ഡയമണ്ട് സോൾസ് ഇൻ സിംഫണി അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റ ഗ്രൂപ്പിൽ നിന്നുള്ള, ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ബ്രാൻഡായ തനിഷ്ക്, തങ്ങളുടെ ഏറ്റവും പുതിയ നാച്ചുറൽ ഡയമണ്ട് കളക്ഷനായ സോൾസ് ഇൻ സിംഫണി' പുറത്തിറക്കി. 18 കാരറ്റ് സ്വർണത്തിനൊപ്പം 100 ശതമാനം സ്വാഭാവിക വജ്രങ്ങളും രത്നങ്ങളും ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണ് ഈ ആഭരണ ശേഖരം.




ദൈനംദിന ഒത്തുചേരലുകളിലും, പ്രത്യേക അവസരങ്ങളിലും ഒരുപോലെ അണിയാൻ കഴിയുന്ന ആഭരണങ്ങൾ ആഗ്രഹിക്കുന്ന സ്ത്രീകൾക്കായി രൂപകൽപ്പന ചെയ്തതാണ് സോൾസ് ഇൻ സിംഫണി. സ്ത്രീകളുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന ബന്ധങ്ങളെയും അവർ പങ്കിടുന്ന അനുഭവങ്ങളെയും സൗഹൃദങ്ങളെയും പ്രതിഫലിപ്പിക്കുന്ന ആഭരണങ്ങളാണ് ഈ ശേഖരത്തിലുള്ളത്.

സമകാലിക വീക്ഷണത്തിലൂള്ള പാരമ്പര്യ കരകൗശലവിദ്യയുടെ താളത്തിൽ നിന്നാണ് ഈ ആഭരണ ശേഖരം പ്രചോദനം ഉൾക്കൊള്ളുന്നത്. ഫ്ലൂയിഡ് മൂവ്മെൻറ്, ആർക്കിടെക്ചറൽ ഡീറ്റെയിലിംഗ്, ആകർഷകമായ വർണ സമന്വയം എന്നിവ ഇതിൽ ലയിച്ചുചേർന്നിരിക്കുന്നു. സങ്കീർണ്ണമായ ഓപ്പൺ വർക്ക് പാറ്റേണുകൾ, കാസ്കേഡിംഗ് രൂപങ്ങൾ, ജ്യാമിതീയ ഫ്രെയിമിംഗ്, അലങ്കരിച്ച ലാറ്റിസ് ഡീറ്റെയിലിംഗ്, പുഷ്പങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട ഡിസൈനുകൾ എന്നിവ ഈ ആഭരണങ്ങളുടെ സവിശേഷതകളാണ്.

സൂക്ഷ്മമായ ഡയമണ്ട് സെറ്റിംഗ്, ലെയേർഡ് മെറ്റൽ ക്രാഫ്റ്റ്സ്മാൻഷിപ്പ്, കൂടാതെ കുഷ്യൻ, പിയർ, ഓവൽ, എമറാൾഡ്, റൗണ്ട്കട്ട് എന്നീ രൂപങ്ങളിലുള്ള നാച്ചുറൽ ജെംസ്റ്റോണുകൾ എന്നിവയിലൂടെ ഓരോ ഡിസൈനിലും ചലനാത്മകതയും പൂർണതയും ഉറപ്പാക്കുന്നു. വൈറ്റ് തനിഷ്ക് നാച്ചുറൽ ഡയമണ്ടുകൾ സ്വാഭാവിക രത്നങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നത് ഈ ശേഖരത്തിലുടനീളം ആഴവും കോൺട്രാസ്റ്റും മികച്ച കാഴ്ചാനുഭവവും സൃഷ്ടിക്കുന്നു.

ഒരു സ്ത്രീയുടെ യാത്രയുടെ പല മുഖങ്ങളെയും ആ യാത്രയിൽ അവളെ രൂപപ്പെടുത്തുന്ന ബന്ധങ്ങളെയും തനിഷ്ക് എക്കാലവും ആഘോഷിച്ചിട്ടുണ്ടെന്നും സോൾസ് ഇൻ സിംഫണിയിലൂടെ, പരമ്പരാഗത രീതികൾക്കപ്പുറം, മൂല്യങ്ങളാലും പരസ്പര ബഹുമാനത്താലും നിർവചിക്കപ്പെടുന്ന സഹോദര്യത്തിൻറെ ഒരു സമകാലിക ഭാവത്തെ മുന്നോട്ട് കൊണ്ടുവരാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്നും തനിഷ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ പെൽകി ഷെറിംഗ് പറഞ്ഞു.

തനിഷ്ക് നാച്ചുറൽ ഡയമണ്ട്സ് സോൾസ് ഇൻ സിംഫണി കളക്ഷൻ എല്ലാ തനിഷ്ക് സ്റ്റോറുകളിലും ഓൺലൈനിലും ലഭ്യമാണ്.

# ടാറ്റ മോട്ടോഴ്സിന്റെ  ഇലക്ട്രിക്ക് ചരക്ക് വാഹനങ്ങൾക്ക് ആവശ്യമേറുന്നു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ്, വിവിധ വിഭാഗങ്ങളിലായി 3,400ലധികം ഇലക്ട്രിക്  ചരക്ക് വാഹനങ്ങൾക്ക് ഓർഡറുകൾ നേടി. 2,000 എസ്സിവികളും പിക്ക്അപ്പുകളും, 900 ട്രക്കുകൾ, 500 ബസുകൾ എന്നിവ  ഉൾപ്പെടുന്നതാണ് ഓർഡറുകൾ.  ഇകൊമേഴ്സ്, ലോജിസ്റ്റിക്സ്, എഫ്എംസിജി, എഫ്എംസിഡി വിതരണം, ഇൻട്രാസിറ്റി മൊബിലിറ്റി, സിമന്റ്, സ്റ്റീൽ, ഖനനം, ടാർമാക് പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിലാണ്  ഇലക്ട്രിക്ക് ചരക്ക് വാഹനങ്ങൾക്ക് ആവശ്യക്കാരേറെ.





## പിഎൻബിയും സാഗിളും ചേർന്ന് പരിസ്ഥിതി സൗഹൃദ ക്രെഡിറ്റ് കാർഡുകൾ അവതരിപ്പിച്ചു

**ന്യൂഡൽഹി:** പഞ്ചാബ് നാഷണൽ  ബാങ്കും സാഗിൾ  പ്രീപെയ്ഡ് ഓഷ്യൻ സെർ വീസസ് ലിമിറ്റഡും  ചേർന്ന് ജൈവവിഘടന ശേഷിയുള്ള 'പിഎൻബിസാഗിൾ കോബ്രാൻഡഡ് ടിൻ ക്രെഡിറ്റ് കാർഡുകൾ' പുറത്തിറക്കി. പരിസ്ഥിതി സംരക്ഷണവും ആധുനിക ഡിജിറ്റൽ ബാങ്കിങ് സേവനങ്ങളും ഒരുമിപ്പിക്കുന്ന കാർഡുകൾ യാത്ര, വിനോദം, ആരോഗ്യസംരക്ഷണം, ഷോപ്പിംഗ് തുടങ്ങി വിവിധ മേഖലകളിൽ ആകർഷക ആനുകൂല്യങ്ങൾ നൽകും.

റെയിൽവേ, വിമാനത്താവള ലോഞ്ച് പ്രവേശനം, ഒടിടി സബ്സ്ക്രിപ്ഷനുകൾ, ഫിറ്റ്നസ് അംഗത്വം, ഷോപ്പിങ് വൗച്ചറുകൾ, ആഭരണ പർച്ചേസുകൾക്ക് 1.5% ഇളവ് എന്നിവ ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങളാണ് കാർഡിനൊപ്പം ലഭിക്കുക. രാജ്യത്തുടനീളം ലഭ്യമാകുന്ന ഈ കാർഡുകൾ സാഗിളിന്റെ സാഗ്.മണി ആപ്പ് വഴി അപേക്ഷിക്കാം.

## കൊച്ചിയിൽ ചായ പ്രേമം കുതിക്കുന്നു; ഓർഡറുകളിൽ 60% വർധന

**കൊച്ചി:** നഗരത്തിലെ ചായ ഉപഭോഗത്തിൽ വലിയ വളർച്ച രേഖപ്പെടുത്തി. ഇൻസ്റ്റാമാർട്ടിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ ഒരു വർഷത്തിനിടെ കൊച്ചിയിലെ ചായ ഓർഡറുകൾ 60 ശതമാനം വർധിച്ചു. പരമ്പരാഗത ഇഞ്ചിച്ചായയോടൊപ്പം മാങ്ങോ ടീ, പീച്ച് ടീ, റോസ് ടീ, കൊമ്പുച തുടങ്ങിയ പുതിയ രുചികൾക്കും ഉപഭോക്താക്കൾക്കിടയിൽ സ്വീകാര്യത വർധിക്കുകയാണ്. രാജ്യതലത്തിൽ ഇഞ്ചിച്ചായയാണ് ഏറ്റവും കൂടുതൽ ഓർഡർ ചെയ്യപ്പെടുന്ന ചായ. അതേസമയം, റെഡിടുഡ്രിങ്ക് (RTD) ചായ വിഭാഗം 109 ശതമാനം വളർച്ചയോടെ ഏറ്റവും വേഗത്തിൽ വളരുന്ന വിഭാഗമായി മാറി. 2025 ജൂൺ മുതൽ 2026 ജൂൺ വരെയുള്ള കാലയളവിൽ 130ലധികം നഗരങ്ങളിലെ ഓർഡറുകൾ വിശകലനം ചെയ്താണ് റിപ്പോർട്ട് തയ്യാറാക്കിയത്.

## സിഗ്നേച്ചർ സെക്യൂർ പ്ലാൻ അവതരിപ്പിച്ചു

**കൊച്ചി/തൃശൂർ:** രാജ്യത്തെ ഇൻഷുറൻസ് മേഖലയിൽ ആദ്യമായി ഇൻബിൽറ്റ് ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യത്തോടെയുള്ള യുലിപ് പദ്ധതി അവതരിപ്പിച്ച് പ്രമുഖ ലൈഫ് ഇൻഷുറൻസ് കമ്പനിയായ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. ഒറ്റത്തവണ പ്രീമിയം അടച്ച് ചേരാവുന്ന ഐസിഐസിഐ പ്രു സിഗ്നേച്ചർ സെക്യൂർ എന്ന പേരിലാണ് പുതിയ പദ്ധതി. ഇത് നിശ്ചിത മെച്യൂരിറ്റി ആനുകൂല്യം, ലൈഫ് കവർ, നികുതി ലാഭത്തോടെയുള്ള സമ്പത്ത് വളർച്ച എന്നിവ ഒരുമിച്ച് ലഭ്യമാക്കും. പോളിസി കാലാവധി പൂർത്തിയാകുമ്പോൾ ഫണ്ട് മൂല്യമോ അല്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യമോ ഇതിൽ ഏതാണോ ഉയർന്നത് അത് ഉപഭോക്താവിന് ലഭിക്കും. പ്രാരംഭ പ്രീമിയത്തിന്റെ 140 ശതമാനം വരെ ഇത്തരത്തിൽ ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യമായി ലഭിക്കും. കൂടാതെ പ്രീമിയം അലോക്കേഷൻ ചാർജുകളോ പോളിസി അഡ്മിനിസ്ട്രേഷൻ ചാർജുകളോ ഈ പ്ലാനിന് ഈടാക്കില്ല. 45 വയസ്സുള്ള ഒരു വ്യക്തി 5 ലക്ഷം രൂപ ഈ പദ്ധതിയിൽ ഒറ്റത്തവണയായി നിക്ഷേപിച്ചാൽ പോളിസി കാലാവധിയിൽ 6.25 ലക്ഷം രൂപയുടെ ലൈഫ് കവറും ഒപ്പം 7 ലക്ഷം രൂപയുടെ ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യവും ഉറപ്പാക്കാം.